6

# ജനങ്ങൾ ജനങ്ങളാൽ

**ചൂടേറിയ വികസന ചർച്ച : നവ്യാനുഭവമായി വിദ്യാർഥിസൗഹൃദ പാർലമെന്റ്**



മഞ്ചാടിമല: പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ അംഗങ്ങളാക്കി സംഘടിപ്പിച്ച വിദ്യാർഥിസൗഹൃദ പാർലമെന്റ് ശ്രദ്ധേയമായി. നടപ്പാതകൾ പണിയുക, ഓടകൾക്ക് മൂടി നിർമ്മിക്കുക, തെരുവുനായ ശല്യം നിയന്ത്രിക്കുക, വഴിവിളക്കുകൾ സ്ഥാപിക്കുക, മാലിന്യ നിർമ്മാർജന പദ്ധതികൾ ആവിഷ്കരിക്കുക, പാർക്കുകൾ സ്ഥാപിക്കുക എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കപ്പെട്ടു. പഞ്ചായത്ത് പ്രസിഡന്റ് യോഗം ഉദ്ഘാടനം ചെയ്തു. വിദ്യാർഥിസൗഹൃദ പാർലമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ അടുത്ത ഭരണസമിതി യോഗത്തിൽ ചർച്ചചെയ്യുമെന്ന് പ്രസിഡന്റ് ഉറപ്പുനൽകി.

മുകളിൽ കൊടുത്തിരിക്കുന്ന പത്രവാർത്ത ശ്രദ്ധിച്ചുവല്ലോ.

നാടിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതൊക്കെ ആവശ്യങ്ങളാണ് കുട്ടികൾ പാർലമെന്റിൽ ഉന്നയിച്ചത്?

- 
- 
- 

നിങ്ങളുടെ വിദ്യാലയത്തിനാവശ്യമായ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ചർച്ചചെയ്യുക.

ഈ ആവശ്യങ്ങൾ അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ?

നിങ്ങളുടെ പ്രദേശത്തും ധാരാളം വികസനപ്രവർത്തനങ്ങൾ നടക്കാറുണ്ടല്ലോ. അങ്ങനെയെങ്കിൽ ഇത്തരം വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതും തീരുമാനമെടുക്കുന്നതും ആരാണ്?

പഞ്ചായത്ത് ഇടപെട്ടു ; കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി

പ്രാഥമിക ആരോഗ്യകേന്ദ്ര ത്തിൽ എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും; പഞ്ചായത്ത് പ്രസിഡന്റ്

വാർഡ് സഭയിൽ ഉയർന്നുവന്ന നിർദേ ശങ്ങൾ മുൻഗണനാക്രമത്തിൽ പരിഗ ണിക്കുമെന്ന് കൗൺസിലർ ഉറപ്പുനൽകി

സമ്പൂർണ്ണ വൈദ്യുതിവൽക്കരണം ; പ്രഖ്യാപനം ഉടൻ

റോഡരികിലെ മാലിന്യപ്രശ്നം: സി.സി.ടി.വി ക്യാമറകൾ ഉടൻ സ്ഥാപിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു

ഒരു പ്രദേശത്തെ ഗ്രാമസഭയിൽ/വാർഡ് സഭയിൽ ഉയർന്നുവന്ന പ്രധാന ചർച്ചകളും തീരുമാനങ്ങളുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്നു. ഇപ്രകാരം ജനങ്ങൾ നേരിട്ടോ അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളോ ഭരണ പരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന സംവിധാനമാണ് ജനാധിപത്യം.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ഗ്രാമപ്രദേശങ്ങളിലെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളായ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തുടങ്ങിയവയും, നഗരപ്രദേശങ്ങളിലെ ഭരണസ്ഥാപനങ്ങളായ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയും ഉൾക്കൊള്ളുന്നവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

നിങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടുത്തി ഐ.ഡി.കാർഡ് തയ്യാറാക്കൂ.
(ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ)

"ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം".

- എബ്രഹാം ലിങ്കൺ




"ജനാധിപത്യത്തെ കുറിച്ചുള്ള എന്റെ സങ്കല്പം അതിനുകീഴിൽ ഏറ്റവും ദുർബലനും ശക്തനും തുല്യമായ അവസരം ഉണ്ടായിരിക്കണം എന്നതാണ്".

- മഹാത്മാ ഗാന്ധി



## ജനാധിപത്യം : വേരുകൾ തേടി




മുകളിൽ കൊടുത്തിരിക്കുന്ന യൂറോപ്പിന്റെ ഭൂപടം ശ്രദ്ധിച്ചുവല്ലോ. യൂറോപ്പിന്റെ രൂപരേഖയിൽ A എന്നും B എന്നും അടയാളപ്പെടുത്തിയിരിക്കുന്ന രണ്ടുരാജ്യങ്ങൾ ഏതൊക്കെയാണെന്ന് എഴുതൂ.

A ..........................................

B ..........................................

ഈ രാജ്യങ്ങൾക്ക് ജനാധിപത്യത്തിന്റെ ഉദ്ഭവവുമായി ബന്ധപ്പെട്ട് ചില സവിശേഷതകളുണ്ട്. അവ നമുക്കൊന്ന് പരിശോധിച്ചാലോ?

പുരാതന ഗ്രീസിലെ ഏഥൻസിലാണ് ജനാധിപത്യത്തിന്റെ ആദ്യരൂപം ഉദയം ചെയ്തത്. പൊതുകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചിരുന്നില്ലെങ്കിലും ജനാധിപത്യം എന്ന ആശയം സംഭാവന ചെയ്യുന്നതിൽ ഏഥൻസ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന് നിലവിലുള്ള ജനാധിപത്യരീതിയുടെ തുടക്കം യുണൈറ്റഡ് കിംഗ്ഡത്തിന്റെ ഭാഗമായ ഇംഗ്ലണ്ടിൽ നിന്നാണ്. തിരഞ്ഞെടുപ്പ്, ജനപ്രതിനിധികളുടെ ഭരണം, പാർലമെന്റ് എന്നീ സംവിധാനങ്ങൾ രൂപം കൊണ്ടത് ഇംഗ്ലണ്ടിലാണ്.

ഗ്രീസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ടീച്ചറുടെ സഹായത്തോടെ കണ്ടെത്തുമല്ലോ.



പുരാതന ഗ്രീക്ക് ചരിത്രകാരനായ ഹെറോഡോട്ടസ് ആണ് 'ഡെമോക്രസി' (ജനാധിപത്യം) എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഡെമോസ് (ജനങ്ങൾ), ക്രാറ്റോസ് (അധികാരം) എന്നീ ഗ്രീക്കുപദങ്ങൾ ചേർന്നാണ് ഡെമോക്രസി (ജനങ്ങളുടെ അധികാരം/ഭരണം) എന്ന വാക്ക് രൂപപ്പെട്ടത്.

## ജനാധിപത്യം രണ്ടുതരത്തിൽ

നിങ്ങൾ ഗ്രാമസഭ/വാർഡ് സഭ ചേരുന്നത് കണ്ടിട്ടുണ്ടോ ?
എന്തൊക്കെയാണ് അവിടെ ചർച്ച ചെയ്യുന്നത്?
ആരൊക്കെയാണ് ഗ്രാമസഭയിൽ പങ്കെടുക്കുന്നത്?

### എന്താണ് ഗ്രാമസഭകൾ?

ഒരു പ്രദേശത്തിന്റെ ഭരണ-വികസന പ്രക്രിയയിൽ എല്ലാ ജനങ്ങൾക്കും പങ്കാളികളാകാനും തീരുമാനങ്ങൾ എടുക്കാനും അവസരം ലഭിക്കുന്ന വേദികളാണ് ഗ്രാമസഭകൾ. ഒരു ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും വോട്ടർപട്ടികയിൽ പേരുചേർക്കപ്പെട്ട മുഴുവൻ ജനങ്ങളും ഗ്രാമസഭയിൽ അംഗങ്ങളാണ്. നഗരങ്ങളിൽ ഇവ വാർഡ് സഭകൾ എന്നറിയപ്പെടുന്നു.

ഗ്രാമസഭ കൂടുന്ന ചിത്രം നിരീക്ഷിക്കൂ.




ഗ്രാമസഭയിൽ ജനങ്ങൾക്ക് നേരിട്ട് ഭരണകാര്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്താനും തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളികളാവാനും അവസരം ലഭിക്കുന്നുണ്ട്.

### പങ്കാളിത്ത ജനാധിപത്യം/പ്രത്യക്ഷ ജനാധിപത്യം

ജനങ്ങൾ നേരിട്ട് ഭരണകാര്യങ്ങളിൽ പങ്കാളികളാകുന്ന ഭരണവ്യവസ്ഥയാണ് പങ്കാളിത്ത ജനാധിപത്യം അല്ലെങ്കിൽ പ്രത്യക്ഷ ജനാധിപത്യം. താരതമ്യേന ജനസംഖ്യയും ഭൂവിസ്തൃതിയും കുറഞ്ഞ പ്രദേശങ്ങളിലാണ് പ്രത്യക്ഷ ജനാധിപത്യം സാധ്യമാകുന്നത്.

ഗ്രാമസഭയെ കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തൂ.

- 
- 

നിയമസഭയുടെ ചിത്രം ശ്രദ്ധിക്കൂ




നിയമസഭയിൽ നമുക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുമോ?
നിയമസഭയിൽ നമുക്ക് വേണ്ടി സംസാരിക്കുന്നത് ആരാണ്?

നിങ്ങളുടെ നിയമസഭാ മണ്ഡലം ഏതാണ്?

..........................................................................................

നിങ്ങളുടെ നിയമസഭാ പ്രതിനിധി (എം എൽ എ) ആരാണ്?

..........................................................................................

### കേരള നിയമസഭ



കേരളസംസ്ഥാനത്തിന്റെ നിയമ നിർമ്മാണസഭയാണ് കേരള നിയമസഭ. തിരുവനന്തപുരമാണ് നിയമസഭയുടെ ആസ്ഥാനം. 1888-ൽ സ്ഥാപിച്ച തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ, 1904-ൽ സ്ഥാപിത മായ ശ്രീമൂലം പ്രജാസഭ, 1949 ലെ തിരു-കൊച്ചി നിയമനിർമ്മാണസഭ എന്നിവ കേരള നിയമസഭയുടെ വഴികാട്ടികളാണ്. കേരള നിയമ സഭയുടെ ആദ്യസമ്മേളനം 1957 ഏപ്രിൽ 27ന് ആയിരുന്നു. എല്ലാവർഷവും ഏപ്രിൽ 27 നിയമസഭാദിനമായി ആചരിക്കുന്നു.

ഗ്രാമസഭകളിൽ ജനങ്ങൾ നേരിട്ടുപങ്കാളികളാകുമ്പോൾ നിയമസഭയിൽ നമ്മുടെ പ്രതിനിധികളാണ് നമുക്കുവേണ്ടി സംസാരിക്കുന്നത്.

### പരോക്ഷ ജനാധിപത്യം / പ്രാതിനിധ്യ ജനാധിപത്യം

ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ജനങ്ങൾക്ക് വേണ്ടി ഭരണം നടത്തുന്ന ജനാധിപത്യ രീതിയാണ് പരോക്ഷ ജനാധിപത്യം അല്ലെങ്കിൽ പ്രാതിനിധ്യ ജനാധിപത്യം. ഇന്ത്യയെപ്പോലെ ജനസംഖ്യയും ഭൂവിസ്തൃതിയും കൂടിയ രാജ്യങ്ങളിൽ പ്രാതിനിധ്യ ജനാധിപത്യമാണ് പ്രായോഗികമായിട്ടുള്ളത്.

പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷ ജനാധിപത്യം |
|---|---|
| • ജനസംഖ്യ കുറഞ്ഞ രാജ്യങ്ങളിൽ സാധ്യമാകുന്നു | • ജനസംഖ്യ കൂടിയ രാജ്യങ്ങളിൽ നിലനിൽക്കുന്നു |
| • | • |
| • | • |
| • | • |

കൂടുതൽ രാജ്യങ്ങൾ കണ്ടെത്താം.

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ഇന്ത്യയാണ്

സൗദി അറേബ്യയിൽ പുതിയ രാജാവ് അധികാരമേറ്റു

അഫ്ഗാനിസ്ഥാനിൽ ജനാധിപത്യഭരണം അവസാനിച്ചു

സ്വിറ്റ്സർലണ്ടിൽ ഇപ്പോഴും പങ്കാളിത്ത ജനാധിപത്യം

മുകളിൽ കൊടുത്തിട്ടുള്ള തലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ. ഇവയിൽ നിന്ന് ജനാധിപത്യ ഭരണസംവിധാനം നിലനിൽക്കുന്ന രാജ്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തൂ. കൂടുതൽ ജനാധിപത്യ രാജ്യങ്ങൾ കൂട്ടിച്ചേർക്കൂ.


- 
- 
- 
- 

**ജനാധിപത്യം: സവിശേഷതകൾ**

- ജനാധിപത്യ സംവിധാനത്തിൽ ജനങ്ങൾക്കാണ് പരമമായ അധികാരം
- നിയമത്തിന് മുന്നിൽ എല്ലാവർക്കും തുല്യത ഉറപ്പുവരുത്തുന്ന നിയമവാഴ്ച
- സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ്
- ജനങ്ങളെയും ഭരണകൂടത്തെയും തമ്മിൽ ബന്ധിപ്പിക്കാൻ സഹായിക്കുന്ന സ്വതന്ത്ര വാർത്താമാധ്യമങ്ങൾ
- ഗവൺമെന്റിനെ വിമർശനങ്ങളിലൂടെ മെച്ചപ്പെടുത്താൻ സഹായിക്കുന്ന പ്രതിപക്ഷം
- സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ

ജനാധിപത്യഭരണ സംവിധാനത്തിന്റെ സവിശേഷതകളെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

## തിരഞ്ഞെടുപ്പിലൂടെ




തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കൂ.

നിങ്ങൾക്ക് തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിച്ചിട്ടുണ്ടോ?

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയത് എങ്ങനെയാണ്?

നിങ്ങളുടെ രക്ഷാകർത്താക്കൾ പൊതുതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താറുണ്ടല്ലോ.

എന്തുകൊണ്ടാണ് നിങ്ങൾക്ക് പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ അവസരം ലഭിക്കാത്തത്?

### സാർവത്രിക പ്രായപൂർത്തി വോട്ടവകാശം

യാതൊരു വിവേചനങ്ങളുമില്ലാതെ, നിശ്ചിതപ്രായം പൂർത്തിയായ എല്ലാവർക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശത്തെയാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന് പറയുന്നത്. 1989 വരെ ഇന്ത്യയിൽ വോട്ടവകാശത്തിനുള്ള പ്രായം 21 വയസ്സ് ആയിരുന്നു. ഇപ്പോൾ അത് 18 വയസ്സാണ്.

പതിനെട്ടുവയസ്സ് പൂർത്തിയായതുകൊണ്ടു മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ സാധിക്കുമോ ?

## തിരഞ്ഞെടുപ്പ് : വിവിധ ഘട്ടങ്ങൾ


### സ്കൂൾപാർലമെന്റ് മാതൃകാ തിരഞ്ഞെടുപ്പ് വിജ്ഞാപനം

| | | |
|---|---|---|
| നാമനിർദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതി | ജൂലൈ 31 | 04 pm വരെ |
| നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന | ആഗസ്റ്റ് 3 | 12 pm |
| നാമനിർദേശപത്രിക പിൻവലിക്കാനുള്ള തീയതി | ആഗസ്റ്റ് 4 | 04 pm വരെ |
| സ്ഥാനാർഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | ആഗസ്റ്റ് 7 | 10 am |
| വോട്ടെടുപ്പ് തീയതി | ആഗസ്റ്റ് 9 | 11 am–01 pm |
| വോട്ടെണ്ണലും ഫലപ്രഖ്യാപനവും | ആഗസ്റ്റ് 9 | 02 pm |
| സ്കൂൾ പാർലമെന്റ് ആദ്യയോഗം | ആഗസ്റ്റ് 10 | 02 pm |

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എന്തൊക്കെ വിവരങ്ങളാണ് നോട്ടീസ് ബോർഡിൽ നൽകിയിരിക്കുന്നത്? പട്ടികപ്പെടുത്തൂ.

- തിരഞ്ഞെടുപ്പ് വിജ്ഞാപനം
-
-
-
-
-

നമ്മുടെ രാജ്യത്തെ തിരഞ്ഞെടുപ്പുകളും ഇതുപോലെ വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. അവ ഏതൊക്കെയാണെന്ന് നോക്കിയാലോ?






തിരഞ്ഞെടുപ്പിലെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസിൽ ഒരു മാതൃകാ തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുക.

## തിരഞ്ഞെടുപ്പുകൾ എന്തിന്?

ജനാധിപത്യ സമ്പ്രദായത്തിൽ ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയാണ് തിരഞ്ഞെടുപ്പ്. ഇതിന് പുറമേ മറ്റു ചില ധർമ്മങ്ങളും തിരഞ്ഞെടുപ്പുകൾ നിർവഹിക്കുന്നുണ്ട്.



തിരഞ്ഞെടുപ്പിന്റെ വിവിധ ധർമ്മങ്ങളെക്കുറിച്ചെഴുതിയ സ്ടിപ്പുകൾ തയ്യാറാക്കി ഒരു ബോക്സിൽ നിക്ഷേപിക്കുക. ക്ലാസ്സിലെ കുട്ടികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പ് പ്രതിനിധിയെ തിരഞ്ഞെടുക്കുക. ഓരോ ഗ്രൂപ്പിലെയും പ്രതിനിധികൾ ബോക്സിൽ നിന്ന് സ്ടിപ്പ് എടുക്കണം. കിട്ടിയ സ്ടിപ്പിനകത്തുള്ള തിരഞ്ഞെടുപ്പ് ധർമ്മത്തെക്കുറിച്ച് അവരവരുടെ ഗ്രൂപ്പിൽ ചർച്ച ചെയ്യുക. ചർച്ചാക്കുറിപ്പ് തയ്യാറാക്കി പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുക.

### കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ




രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ പദവികളിലേക്കും പാർലമെന്റ്, സംസ്ഥാന നിയമസഭകൾ എന്നിവിടങ്ങളിലേക്കും സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് നടത്തുകയാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതല. മൂന്ന് അംഗങ്ങളുള്ള തിരഞ്ഞെടുപ്പ് കമ്മീഷനിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഉൾപ്പെടെ എല്ലാവരെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

## ജനാധിപത്യം ഒരു ജീവിതക്രമം






ചിത്രം നിരീക്ഷിച്ചില്ലേ. ഇവിടെ തീരുമാനങ്ങളെടുക്കുന്നതാരാണ്?

എല്ലാവരുടെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനങ്ങളെടുക്കുമ്പോഴാണ് ജനാധിപത്യം കുടുംബത്തിൽ പ്രായോഗികമാകുന്നത്.

## ജനാധിപത്യം വിദ്യാലയത്തിൽ











മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കൂ. ഇവ ജനാധിപത്യം ഉറപ്പാക്കുന്നതിൽ എത്രത്തോളം പങ്കുവഹിക്കുന്നുണ്ട്? ചർച്ചചെയ്യൂ.


കുട്ടികളുടെ അഭിപ്രായങ്ങളും താൽപര്യങ്ങളും പരിഗണിക്കുന്നതിനോടൊപ്പം അവർക്ക് അവസരസമത്വവും തുല്യതയും ഉറപ്പുവരുത്തുമ്പോഴാണ് വിദ്യാലയങ്ങളിൽ ജനാധിപത്യം ഉറപ്പാക്കപ്പെടുന്നത്.

## ജനാധിപത്യം പൊതു ഇടങ്ങളിൽ

താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങളിൽ എവിടെയൊക്കെയാണ് ജനാധിപത്യം പാലിക്കപ്പെടുന്നത്?









പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുക, മറ്റുള്ളവരുടെ താൽപര്യങ്ങൾ മാനിക്കുക, പൊതുനിയമങ്ങൾ അനുസരിക്കുക എന്നിവയെല്ലാം ജനാധിപത്യ ജീവിതക്രമത്തിന് അനിവാര്യമാണ്.

### എത്രത്തോളം ജനാധിപത്യം

ചുവടെ കൊടുത്തിട്ടുള്ള ചെക്ക് ലിസ്റ്റ് പൂരിപ്പിക്കൂ. ജനാധിപത്യ ജീവിത ക്രമം നാം എത്രത്തോളം പിന്തുടരുന്നുണ്ടെന്ന് കണ്ടെത്തൂ.

| | |
|---|---|
| വീട്ടിൽ പ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ എന്റെ അഭിപ്രായം പരിഗണിക്കാറുണ്ട്. | ഉണ്ട്/ഇല്ല |
| പൊതുസ്ഥലങ്ങളും പൊതുവാഹനങ്ങളും വൃത്തിയായി സൂക്ഷിക്കാറുണ്ട്. | ഉണ്ട്/ഇല്ല |
| സ്കൂളിൽ നിന്ന് പഠനയാത്രയ്ക്ക് പോകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുമ്പോൾ അഭിപ്രായം പറയാറുണ്ട്. | ഉണ്ട്/ഇല്ല |
| യാത്രചെയ്യുമ്പോൾ സഹയാത്രികർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ പെരുമാറാറില്ല. | ഉണ്ട്/ഇല്ല |
| ഗതാഗതനിയമങ്ങൾ പാലിക്കാറുണ്ട്. | ഉണ്ട്/ഇല്ല |
| ഇഷ്ടമുള്ള വിഷയങ്ങൾ പഠിക്കാൻ സ്വാതന്ത്ര്യമുണ്ട്. | ഉണ്ട്/ഇല്ല |
| പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാറില്ല. | ഉണ്ട്/ഇല്ല |

ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതിനുമപ്പുറം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യം പുലർത്തേണ്ടതുണ്ട്. ആഹാരം, വസ്ത്രം, തൊഴിൽ എന്നിവ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും അഭിപ്രായങ്ങൾ തുറന്നുപറയുവാൻ കഴിയുന്ന സാഹചര്യവും ജനാധിപത്യ സമൂഹത്തിന്റെ സവിശേഷതകളാണ്. കൂടാതെ തുല്യ പദവി, തുല്യഅവസരം, വിഭവങ്ങൾക്ക് മേലുള്ള തുല്യമായ അവകാശം എന്നീ സാഹചര്യങ്ങൾകൂടി അനുഭവവേദ്യമാകുമ്പോഴാണ് ജനാധിപത്യം അർഥപൂർണ്ണമാകുന്നത്.

## തുടർപ്രവർത്തനങ്ങൾ

1. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
2. ഗ്രാമസഭ/വാർഡ് സഭ, നിയമസഭ എന്നിവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി വാർഡുമെമ്പർ/കൗൺസിലർ, എം.എൽ.എ എന്നിവരുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ചോദ്യാവലി ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കൂ. ഗ്രാമസഭ/വാർഡ് സഭ, നിയമസഭ സന്ദർശനം സംഘടിപ്പിക്കുക.
3. ജനാധിപത്യത്തിന്റെ സവിശേഷതകളെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക.
4. എല്ലാ രാജ്യങ്ങളിലും പ്രായപൂർത്തി വോട്ടവകാശത്തിനുള്ള പരിധി 18 വയസ്സ് തന്നെയാണോ? വിവിധ രാജ്യങ്ങളിലെ വോട്ടിങ് പ്രായം കണ്ടെത്തുക.
5. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ (ഇ വി എം) മാതൃക സംഘമായി നിർമ്മിച്ച് സാമൂഹ്യശാസ്ത്ര ലാബിൽ പ്രദർശിപ്പിക്കുക.